ജോലി ചെയ്യാൻ സന്നദ്ധത എഴുതി നൽകുന്നവർക്ക് വെയിറ്റേജ് മാർക്ക് നൽകിയാണ് റാങ്ക് നിശ്ചയിക്കുന്നത്. കൂടാതെ ഒഴിവുകൾ നികത്തുന്ന കാര്യത്തിൽ ഇത്തരം സ്കൂളുകൾക്ക് മുൻഗണന നൽകുന്നു. ഇക്കാര്യത്തിൽ വിശദമായ നിർദ്ദേശങ്ങൾ 26.3.1999 തീയതിയായുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ1/18583/99 സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വനപ്രദേശങ്ങളിലും യാത്രാസൗകര്യമില്ലാത്ത പ്രദേശങ്ങളിലുമുള്ള സ്കൂളുകളിൽ, ഇപ്പോൾ തന്നെ അദ്ധ്യാപികമാരെ കഴിവതും നിയമിക്കാറില്ല. ഇത്തരം നടപടി തുടരുന്നതാണ്.

(ഡി) ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ജോലി നോക്കാൻ തയ്യാറാകുന്നവർക്ക് സ്ഥലം മാറ്റത്തിന് ഇളവു നൽകുന്ന കാര്യം പരിഗണനാർഹമാണ്.

പി.എഫ്. വിഭാഗത്തിന്റെ പ്രവർത്തനം

42 (825)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ പി.എഫ്. വിഭാഗത്തിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഈ വിഭാഗത്തിലെ ജീവനക്കാർ കൃത്യമായി ജോലിയ്ക്ക് ഹാജരാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഡി.പി.ഐ നേരിട്ട് പരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ;

(സി) ഈ ജില്ലയിലെ എയ്ഡഡ് സ്കൂൾ സർവ്വീസിൽ നിന്നും മറ്റു ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ പി.എഫ്. തുക ജി.പി.എഫിൽ ലയിപ്പിക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണം തിട്ടപ്പെടുത്തി അവരുടെ പേരും അപേക്ഷിച്ച വർഷവും വിശദീകരിക്കുമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത ജോലികൾ തീർക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ പി. എഫ്. യൂണിറ്റിന്റെ പൂർണ്ണ ചുമതല മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്കാണ്. ജീവനക്കാർ കൃത്യമായി ഹാജരാകാനുള്ള നടപടികൾ മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിക്കുന്നതാണ്. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധന ആവശ്യമാകുന്ന ഘട്ടത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(സി) മലപ്പുറം ജില്ലയിലെ എയ്ഡഡ് സ്കൂളുകളിൽ നിന്ന് സർക്കാർ സ്കൂളുകളിൽ നിയമനം ലഭിച്ച 1100 അപേക്ഷകരുടെ കെ.എ.എസ്, ഇ.പി. എഫ്. തുകയാണ് ഇനി ജി.പി.എഫിലേക്ക് ലയിപ്പിക്കുവാൻ ഉള്ളത്. ഈ അപേക്ഷകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ മലപ്പുറം അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ജീവനക്കാരുടെ പേരും മറ്റ് വിവരങ്ങളും ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുടിശ്ശിക അക്കൗണ്ടിംഗ് ജോലികൾ പൂർത്തിയാക്കാൻ അതാത് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് കുടിശ്ശികകൾ പൂർത്തിയാകുന്നതോടെ പി. എഫ്. സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും എളുപ്പമാക്കാൻ കഴിയുന്നതാണ്.

എസ്.എസ്.എൽ.സി.യ്ക്ക് നൂറു ശതമാനം പരാജയം സംഭവിച്ച സ്കൂളുകൾ

43 (826)ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% പരാജയം സംഭവിച്ച സ്കൂളുകൾ ഏതൊക്കെ;

(ബി) റാന്നി താലൂക്കിലെ കുസുമത്ത് പകുതി അദ്ധ്യാപകരെ പോലും അദ്ധ്യയന വർഷം അവസാനിക്കാറായിട്ടു നിയമിച്ചിരുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) താലൂക്കിലെ പകുതി സ്കൂളുകളിലും ഏകദേശം അൻപത് ശതമാനം അദ്ധ്യാപകർ ഇല്ലാതെയായിരുന്നു കഴിഞ്ഞ വർഷം അദ്ധ്യയനം നടന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കഴിഞ്ഞ വർഷത്തെ ഒരു പൊതു സ്ഥിതി അറിയുവാൻ ഒരു അന്വേഷണ സംഘത്തെ താലൂക്കിലെ മലയോര സ്കൂളുകളിൽ അയയ്ക്കാൻ തയ്യാറാകുമോ;

(ഇ) ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അദ്ധ്യാപകരെ നിയമിക്കാതിരിക്കുകയും നിയമിച്ചവരെ സൗകര്യപ്രദമായി ഠൗണുകളിലേയ്ക്ക് സ്ഥലം മാറ്റം നൽകുകയും ചെയ്തതിലെ അഴിമതിയെപ്പറ്റി അന്വേഷിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ഉത്തരം

(എ) 1. ഗവ. എച്ച്.എസ്, സോതുപ്പാറ, ഇടുക്കി
2. ഗവ.എച്ച്.എസ്. കുസുമം, പത്തനംതിട്ട
3. ഗവ. ട്രൈബൽ സ്കൂൾ, പൂതൂർ, പാലക്കാട്

(ബി) മൂന്ന് ഒഴിവുകൾ ഉണ്ടായിരുന്നു.

(സി) ഏതാനും ഒഴിവുകൾ ഉണ്ടായിരുന്നു.

(ഡി)&(ഇ) ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

എസ്.എസ്.എൽ.സി. പരീക്ഷാഫലം

44 (827)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ ഫലം ഔദ്യോഗികമായി പ്രഖ്യാപിച്ച തീയതി ഏന്നാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly